LIBRARY ARCHIVES Kerala Legislative Assembly

അപര്യാപ്തത ഉള്ളതിനാൽ, 40 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയും ഫില്ലിംഗും മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി, പ്രവൃത്തി ജൂലൈ 31 നകം ടെണ്ടർ ചെയ്യുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജൂലൈ 31-നകം ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

ടേക്ക് എ ബ്രേക്ക് പദ്ധതി

318 (1684) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം പുതുതായി പണികഴിച്ചതും പുതുക്കിപ്പണിതതും ഉൾപ്പെടെ ആകെ 8 വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പനങ്ങാട് ഗ്രാമപഞ്ചായത്ത് (2 എണ്ണം), കാവിലുംപാറ ഗ്രാമപഞ്ചായത്ത്, നൻമണ്ട ഗ്രാമപഞ്ചായത്ത്, പുതുപ്പാടി ഗ്രാമപഞ്ചായത്ത്, രാമനാട്ടുകര മുനിസിപ്പാലിറ്റി, വടകര മുനിസിപ്പാലിറ്റി, കോഴിക്കോട് കോർപ്പറേഷൻ (ഒന്നുവീതം) എന്നിവിടങ്ങളിലാണ് വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

319 (1685) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ (അടങ്കൽ തുക/നിലവിലെ സ്ഥിതി എന്നിവ സഹിതം) അനുബന്ധം I* ആയും പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ (അടങ്കൽ തുക/ നിലവിലെ സ്ഥിതി എന്നിവ സഹിതം) അനുബന്ധം II*ആയും ചേർത്തിരിക്കുന്നു.

മണലൂർ മണ്ഡലത്തിൽ അനുവദിച്ച മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

320 (1686) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പട്ടിക നൽകാമോ;

&

(ബി) പ്രസ്തുത ഓരോ റോഡിനും അനുവദിച്ച തുക എത്രയാണെന്നും ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാൻ ബാക്കിയുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

അനുവദിച്ച റോഡുകൾ അവയുടെ നിർവ്വഹണ പുരോഗതി വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം

321 (1687) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ (അനുബന്ധം2 വാല്യം 11) തുക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly